**Lalith Babu**

# ഒരു പറ നിലം എന്നാൽ എത്ര സെന്റ്

നാട്ടിൻ പുറങ്ങളിലെ നെൽകർഷകരിൽ ചിലർ അവരുടെ കൃഷി സ്ഥലത്തിന്റെ വിസ്തീർണം പറയുടെ കണക്കിലാണ് പറയാറുള്ളത്. പത്തുപറ കണ്ടം, 50 പറ കണ്ടം എന്നിങ്ങനെ. എന്നാൽ ഔദ്യോഗികമായി ഇപ്പോൾ ഇങ്ങനെ ഒരു അളവ് രീതി നിലവിലില്ല. എന്നാൽ മുൻകാലങ്ങളിലെ ഇപ്രകാരമുള്ള അളവ് രീതി ഉണ്ടായിരുന്നു. മുൻകാല റവന്യൂ രേഖകൾ പ്രകാരം ഒരു പറ നിലം എന്നാൽ 14 സെന്റ് ആണ്. 1886 വരെ ഇപ്രകാരമുള്ള അളവ് സമ്പ്രദായമായിരുന്നു നിലനിന്നിരുന്നത്. 1886 ൽ പുറപ്പെടുവിച്ച ഒരു വിളംബരത്തിലൂടെ ഈ അളവ് സമ്പ്രദായം ഇല്ലാതാവുകയും acres and cents സമ്പ്രദായം നിലവിൽ വരുകയും ചെയ്തു. എന്നിരുന്നാലും നെൽപ്പാടങ്ങളുടെ കാര്യത്തിൽ പറ/ ഇടങ്ങഴി വിവരങ്ങളും രേഖപ്പെടുത്തണമെന്ന ആ വിളംബരത്തിൽ പറയുന്നുണ്ട് :

"The new survey and settlement accounts will record the areas in terms of acres and cents, the equivalent in Parahs (പറ) and Edangalis (ഇടങ്ങഴി) being also shown in the case of rice lands "

എന്നാൽ acres and cents എന്ന അളവുകളും ഇപ്പോൾ ഉപയോഗിക്കാൻ പാടില്ല. ഇപ്പോഴുള്ള റീസർവേ രേഖകളിലെല്ലാം metric system പ്രകാരമുള്ള അളവുകളാണുള്ളത്. Metric system മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന് നിയമമുണ്ട്